LIBRARY ARCHIVES Kerala Legislative Assembly

ബ്രോയ്ലർ ചിക്കൻ ഉല്പാദനവും വിപണനവും

311 (4699) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബ്രോയിലർ ചിക്കൻ സംസ്ഥാനത്ത് ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യുന്നതിന് സർക്കാർ തലത്തിൽ എന്തൊക്കെ നടപടികൾ കൈക്കൊള്ളുന്നുണ്ടെന്ന് വ്യക്തമാക്കാമോ?

KEPCO, കുടുംബശ്രീ, BDS എന്നീ ഏജൻസികളെ ഒരുമിപ്പിച്ചുകൊണ്ട് മൃഗസംരക്ഷണ വകുപ്പ് ഇറച്ചിക്കോഴി ഉത്പാദനത്തിനും വിപണനത്തിനും വേണ്ടി "കേരള ചിക്കൻ" പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. 2600 ചെറുകിട ബ്രോയ്ലർ ഫാമുകളെ കെപ്കോ, കുടുംബശ്രീ, BDS എന്നീ ഏജൻസികൾ വഴി തെരഞ്ഞെടുത്ത് 50,000 രൂപ വരെ ധനസഹായം നൽകുകയും ഏജൻസികളുടെ ഫാമുകളിൽ ഉല്പാദിപ്പിക്കുന്ന ഒരു ദിവസം പ്രായമുള്ള ഇറച്ചി കോഴിക്കുഞ്ഞുങ്ങളെ മിതമായ വിലയ്ക്ക് കുടുംബശ്രീക്കും അംഗങ്ങളായ കർഷകർക്കും നൽകി അവരിൽനിന്നും കോഴിക്കുഞ്ഞുങ്ങൾക്ക് 40-45 ദിവസം പ്രായമാകുമ്പോൾ സമാഹരിച്ച് ഏജൻസികളുടെ പ്ലാന്റുകളിൽ process ചെയ്ത മൃഗസംരക്ഷണ വകുപ്പിന്റെ ലാബിൽ പരിശോധിച്ച് antibiotic, മറ്റുഹാനികരമായ രാസപദാർത്ഥങ്ങൾ എന്നിവയില്ലെന്ന് ഉണനിലവാരം ഉറപ്പുവരുത്തി കോഴിയിറച്ചിയായും മൂല്യവർദ്ധിത ചിക്കൻ ഉല്പന്നങ്ങളായും പദ്ധതിയുടെ വിപണന കേന്ദ്രങ്ങൾ വഴി വിപണിയിൽ എത്തിക്കുന്നു.

(ബി) മത്സ്യ ലഭ്യത കുറയുന്ന സാഹചര്യത്തിൽ ബ്രോയിലർ ചിക്കൻ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് എന്തൊക്കെ നടപടികളാണ് കൈക്കൊള്ളുന്നതെന്ന് അറിയിക്കാമോ?

മത്സ്യ ലഭ്യത കുറയുന്ന സാഹചര്യത്തിൽ പൊതുമേഖലാ സ്ഥാപനമായ സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ കൂടുതൽ ഇറച്ചിക്കോഴി കുഞ്ഞുങ്ങളെ ഉത്പാദിപ്പിച്ച് സ്വന്തം പ്ലാന്റിൽ സംസ്കരിച്ച് ഇറച്ചിയാക്കി 'കെപ്കോ ചിക്കൻ' എന്ന പേരിൽ മിതമായ നിരക്കിൽ വിൽക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിനുപുറമേ കേരള ചിക്കൻ പദ്ധതി വഴിയും, കുടുംബശ്രീ യൂണിറ്റുകൾ മുഖാന്തരവും കോൺട്രാക്ട് ഫാമിംഗിലൂടെയും ഇറച്ചിക്കോഴികളുടെ ആഭ്യന്തര ഉല്പാദനം വർദ്ധിപ്പിക്കുവാനും ലക്ഷ്യമിടുന്നു.

(സി) കേരള ചിക്കൻ എല്ലാ പ്രദേശങ്ങളിലേക്കും വ്യാപിപ്പിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കാമോ?

കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രവർത്തിച്ചുവരുന്ന KEPCO, കുടുംബശ്രീ, BDS എന്നീ ഏജൻസികൾ വഴി നിലവിൽ 2600 ബ്രോയിലർ ഫാമുകളും 240 sales outlet-കളും വിവിധ സ്ഥലങ്ങളിൽ സ്ഥാപിതമാകുന്നുണ്ട്. ഭാവിയിൽ കൂടുതൽ ഫാമുകളും sales outlet-കളും വരുന്നത് വഴി കേരള ചിക്കൻ എല്ലാ പ്രദേശങ്ങളിലും വ്യാപിപ്പിക്കുന്നതാണ്.

(ഡി) എം.എസ്.എം.ഇ. മുഖേന ബ്രോയിലർ ചിക്കൻ ഉല്പാദിപ്പിക്കുന്നത് പരിഗണനയിലുണ്ടോ; എങ്കിൽ എത്ര തൊഴിലവസരങ്ങൾ ഈ മേഖലയിൽ ഇതുകാരണം സൃഷ്ടിക്കാൻ/വർദ്ധിപ്പിക്കാൻ ആകും എന്ന് വ്യക്തമാക്കാമോ?

നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

മുല്ലശ്ശേരി വെറ്ററിനറി ആശുപത്രി

312 (4700) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ മുല്ലശ്ശേരി വെറ്ററിനറി ആശുപത്രിയെ വെറ്ററിനറി പോളിക്ലിനിക്കാക്കി ഉയർത്താൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

മണലൂർ മണ്ഡലത്തിലെ മുല്ലശേരി വെറ്ററിനറി ഡിസ്പെൻസറിയെ വെറ്ററിനറി പോളിക്ലിനിക്കായി ഉയർത്താനുള്ള പ്രൊപ്പോസൽ ലഭിച്ചിരുന്നു എങ്കിലും സംസ്ഥാനം നേരിടുന്ന സാമ്പത്തിക പ്രതിസന്ധി കണക്കിലെടുത്ത് സർക്കാരിന് അധിക ബാദ്ധ്യത ഉണ്ടാകുമെന്നതിനാൽ മുല്ലശ്ശേരി വെറ്ററിനറി ഡിസ്പെൻസറി വെറ്ററിനറി പോളിക്ലിനിക്കായി ഉയർത്തണമെന്ന ആവശ്യം പരിഗണിക്കാനായില്ല.

(ബി) ഇല്ലെങ്കിൽ ഇതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ?

വീണ്ടും പ്രൊപ്പോസൽ ലഭ്യമാക്കുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്.

വെറ്ററിനറി നഴ്സിംഗ് കോളേജുകൾ ആരംഭിക്കാൻ നടപടി

313 (4701) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വെറ്ററിനറി നഴ്സിംഗ് കോളേജുകൾ ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരങ്ങൾ നൽകാമോ?

ഇത് സംബന്ധിച്ച് ഒരു നിർദ്ദേശം സർക്കാരിന്റെ പരിഗണനയിൽ വന്നിട്ടുണ്ട്. വിശദമായ പഠനത്തിനുശേഷം തീരുമാനമെടുക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly